"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വയനാട് വികസന പാക്കേജ് - സർക്കാർ ട്രൈബൽ ആശുപത്രിക്ക് സിടി സിമുലേറ്റർ വാങ്ങുന്ന പദ്ധതി - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.465/2024/P&EA തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം.370/2023/P&EA തീയതി 19.09.2023.

2. വയനാട് ജില്ലാ കളക്ടറുടെ 13.09.2024 ലെ DPO-WYD/WDP/1/2024-RO1 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തി നല്ലൂർനാട് സർക്കാർ ട്രൈബൽ ആശുപത്രിക്ക് സി.ടി സിമുലേറ്റർ വാങ്ങുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 721.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | സി.ടി സിമുലേറ്റർ സംഭരണവും ഇൻസ്റ്റലേഷനും | 678.6 |
| 2 | AERB ശുപാർശ പ്രകാരം സിവിൽ വർക്ക് | 7.4 |
| 3 | AERB ശുപാർശ പ്രകാരം സിവിൽ വർക്ക് (ജനറേറ്റർ വാങ്ങുന്നതുൾപ്പെടെയുള്ള ഇലക്ട്രിക്ക് വർക്ക്സ് | 25.00 |
| 4 | ഫർണിച്ചർ | 10.00 |
| | **ആകെ** | **721.00** |

2. ഘടകം (1) സി.ടി സിമുലേറ്റർ വിതരണം ചെയ്യുന്ന കമ്പനി തന്നെ ഘടകം (2) പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുള്ളതിനാൽ ടി പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നതെന്നും ആയതിനാൽ ഘടകം (2) ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഉൾപ്പെടുത്തേണ്ടി വന്നിട്ടില്ലെന്നും ഘടകം (1) ഉം (2) ഉം ഉൾപ്പെടെ സി.ടി സിമുലേറ്ററിന്റെ സംഭരണവും

ഇൻസ്റ്റലേഷനുമായി അകെ 6,46,47,925 രൂപയാണ് ചെലവ് വന്നിട്ടുള്ളതെന്നും സി.ടി സിമുലേറ്ററിന്റെ പ്രവർത്തനത്തിന് ജനറേറ്റർ അത്യാവശ്യമായതിനാൽ ഘടകം (3) പ്രകാരമുള്ള വാങ്ങലുകൾ പൂർത്തീകരിക്കേണ്ടതുണ്ടെന്നും ഇതിനായി പൊതുമരാമത്തു ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം 40 ലക്ഷം രൂപ ആവശ്യമാണെന്നും ഘടകം (4) പ്രകാരമുള്ള ഫർണിച്ചറുകൾ ആവശ്യമായി വന്നിട്ടില്ലെന്നും ടി ഘടകം ഒഴിവാക്കാവുന്നതാണെന്നും ആയതിനാൽ പരാമർശ ഉത്തരവിലെ ഘടകങ്ങളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം മാറ്റം വരുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2024 ഡിസംബർ 31 വരെ സമയം ദീർഘിപ്പിച്ച് ഭരണാനുമതി ഉത്തരവ് പുതുക്കി നൽകണമെന്ന് പരാമർശം (2) പ്രകാരം വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു .

| ക്രമ നമ്പർ | ഘടകങ്ങൾ | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | സി.ടി സിമുലേറ്റർ സംഭരണവും ഇൻസ്റ്റലേഷനും | 646.47925 |
| 2 | ജനറേറ്റർ വാങ്ങലും സ്ഥാപിക്കലും ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ വർക്കുകൾ | 40.00 |
| | **ആകെ** | **686.47925** |

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നല്ലൂർനാട് സർക്കാർ ട്രൈബൽ ആശുപത്രിക്ക് സി.ടി സിമുലേറ്റർ വാങ്ങുന്നതിന്, നിലവിൽ ഭരണാനുമതി നൽകിയ ഘടകങ്ങളിൽ മേൽ വ്യക്തമാക്കിയിരിക്കും പ്രകാരം മാറ്റം വരുത്തി, പൂർത്തീകരണ കാലാവധിയായ 5 മാസ കാലയളവ് എന്നത് 2024 ഡിസംബർ 31 വരെ ആക്കി ദീർഘിപ്പിച്ച് കൊണ്ട് പരാമർശ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് പുറമേ ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി 686.47925 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

i.പൂർത്തീകരണ കാലയളവിനുള്ളിൽ തന്നെ പദ്ധതി പൂർത്തീകരണവും യൂസർ ഏജൻസിയുടെ Up keeping and Maintenance ഉം ഉറപ്പ് വരുത്തേണ്ടതാണ്.

ii. മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങലുകളെല്ലാം Kerala Medical Services Corporation മുഖേന ആയിരിക്കണം.

iii. ജില്ലാ മെഡിക്കൽ ഓഫീസറും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും ഉൾപ്പെട്ട കമ്മിറ്റിയുടെ പൂർണ്ണമായ മേൽനോട്ടം നടത്തിപ്പിൽ ഉണ്ടാകേണ്ടതും ഇക്കാര്യം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ജില്ലാ കളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വയനാട്
ജില്ലാ വികസന കമ്മീഷണർ, വയനാട്
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 12-12-2024 11:27:00
സെക്ഷൻ ഓഫീസർ